iv. സംസ്ഥാന ആസൂത്രണ ബോർഡിന് ഓവർ ഹെഡ് പ്രോജക്ടറും ഫോട്ടോ കോപ്പിയറും അഞ്ച് കമ്പ്യൂട്ടറുകളും രണ്ട് പ്രിന്ററുകളും നൽകി.

(സി) സ്വിസ് ഏജൻസി ഫോർ ഡെവലപ്പ്മെന്റ് ആന്റ് കോ-ഓപ്പറേഷനിൽ നിന്നാണ് പണം ലഭിച്ചത്. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനിലൂടെയാണ് ചെലവഴിച്ചത്.

ഡെങ്കിപ്പനി പ്രതിരോധത്തിന് നടപടി

*30 [330] ശ്രീ. പി ജയരാജൻ :
,, സാജു പോൾ :
,, വി. കെ. സി. മമ്മത്കോയ :
,, മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡെങ്കിപ്പനി പോലെയുള്ള പകർച്ചവ്യാധികൾ പിടിപെട്ടാൽ അത് ച്ചുനീക്കാൻ മൂന്നു വർഷത്തെ തുടർച്ചയായ പ്രതിരോധ പ്രവർത്തനം വേണമെന്ന ഗ്ധാഭിപ്രായം സർക്കാർ പരിഗണിക്കുമോ;

(ബി) ഡെങ്കിപ്പനി പ്രതിരോധ പ്രവർത്തനത്തിന് സർക്കാർ ഇതിനകം വദിച്ച തുക എത്രയാണ്;

(സി) ഡെങ്കിപ്പനി പ്രതിരോധ പ്രവർത്തനത്തിന് ആകെ ചെലവാക്കിയ ുക എത്ര?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) :

(എ) ദീർഘകാലാടിസ്ഥാനത്തിലുള്ള പ്രതിരോധ പ്രവർത്തനം ആവശ്യമാണെന്ന് സർക്കാർ മനസ്സിലാക്കിയാണ് മേൽനടപടികൾ എടുക്കുന്നത്. ഡെങ്കിപ്പനി പകർച്ചവ്യാധി ഉണ്ടായപ്പോൾ മുതൽ സ്വീകരിച്ച നിയന്ത്രണ പരിപാടികൾ എല്ലാം തന്നെ ഇപ്പോഴും സംസ്ഥാനത്ത് തുടർന്നും ചെയ്തുകൊണ്ടിരിക്കയാണ്. രോഗം കൂടുതലായി റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ കൊതുകിനെപ്പറ്റി പഠനം നടത്തി കൊതുകുകളുടെ സാന്ദ്രത മനസ്സിലാക്കി നിയന്ത്രണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. കൊതുകുജന്യ രോഗങ്ങളെപ്പറ്റി ആരോഗ്യ വകുപ്പ് ജാഗ്രതയോടുകൂടി വിവിധ വകുപ്പുകളുടെയും ജനങ്ങളുടെയും പങ്കാളിത്തത്തോടെയും സഹകരണത്തോടെയും നിയന്ത്രണപ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ബി & സി) എല്ലാവിധ പകർച്ചവ്യാധികളും നിയന്ത്രിക്കാനാണ് തുക അനുവദിച്ചിട്ടുള്ളത്. ഡെങ്കിപ്പനിക്ക് മാത്രമായി പ്രത്യേക തുക അനുവദിച്ചിട്ടില്ല. ആരോഗ്യ വകുപ്പിൽ നിന്നും കഴിഞ്ഞ വർഷം 535 ലക്ഷം രൂപ പകർച്ചവ്യാധി നിയന്ത്രണത്തിനായി അനുവദിച്ചിട്ടുണ്ട്. ആകെ ചെലവാക്കിയ തുക സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly